# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :*654 | 03.04.2018-ൽ മറുപടിയ്ക്ക്

## വനവൽക്കരണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>,, കെ.എൻ.എ ഖാദർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ് : | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **വനേതര ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകുന്നതിന് പരിഹാരമായി വനവൽക്കരണ പ്രവൃത്തികൾ നടത്താറുണ്ടോ; വിശദമാക്കമോ;** | എ) വനേതര ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകുന്നതിനു പരിഹാരമായി വനവത്കരണ പ്രവൃത്തികൾ നടത്താറുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുനൽകുമ്പോൾ പരിഹാര വനവത്കരണത്തിനുള്ള തുക , NPV , Additional NPV എന്നിവ യൂസർ ഏജൻസിയിൽ നിന്നും ഈടാക്കി വരുന്നുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുമ്പോൾ വിട്ടുകൊടുക്കേണ്ട വനഭൂമിയുടെ അതേ അളവിൽ പകരം ഭൂമി പരിഹാര വനവത്കരണത്തിനായി നൽകേണ്ടതും ഇതു സാധ്യമല്ലാത്ത ഘട്ടങ്ങളിൽ ഇത്തരം ഭൂമി ലഭ്യമല്ല എന്ന സംസ്ഥാന ചീഫ് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റോടു കൂടി ഇരട്ടി ശോഷിത വനഭൂമി പരിഹാര വനവൽക്കരണത്തിനായി കണ്ടെത്തേണ്ടതുമുണ്ട്. |
| ബി) **ഇതിനായി കേന്ദ്ര ധനസഹായം ലഭിക്കാറുണ്ടോ; വ്യക്തമാക്കമോ;;** | ബി) സംസ്ഥാനത്തിനായുള്ള കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA) യുടെ ഫണ്ടിൽ നിന്നും അംഗീകരിച്ച വാർഷിക പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ പരിഹാര വനവൽക്കരണത്തിനായി തുക ലഭ്യമാകുന്നുണ്ട്. |

| | |
|---|---|
| സി) **കേന്ദ്രഫണ്ട് യഥാവിധി വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?** | സി) കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സങ്ങൾ ഇല്ല |

**സെക്ഷൻ ഓഫീസർ**